# കവിയെപ്പററിയല്ല; മനുഷ്യനെപ്പററി...

പി. കൃഷ്ണവാരിയർ

പരുഷമായ കാര്യങ്ങൾ അതിലും പരുഷമായ ഭാഷയിൽ കവിതയിൽ പറയുന്ന ഇടശ്ശേരി തന്റെ സുഹൃത്തുക്കളോടും ശിഷ്യരോടും കുടുംബാംഗങ്ങളോടുപോലും എന്തൊരു സ്നേഹത്തോടെയാണന്നോ പെരുമാറുക! ഏതവസരത്തിലും തികച്ചും ശാന്തനാണദ്ദേഹം. ഒരിക്കലെങ്കിലും ക്ഷോഭിച്ച് കലശൽകൂട്ടിക്കൊണ്ടിരിക്കുന്ന പ്രകൃതത്തിൽ അദ്ദേഹത്തെ കാണാൻ സാദ്ധ്യമല്ല. തനിക്കിഷ്ടമില്ലാത്ത ആശയങ്ങളെ ശക്തിയായി അദ്ദേഹം എതിർക്കും. അത് ആരു പറയുന്നുവെന്നത് പ്രശ്നമല്ല. പക്ഷേ, അപ്പോഴും അദ്ദേഹം ശാന്തനും സമചിത്തനുമായിരിക്കും. "കവികൾ എന്തെഴുതണം എന്തെഴുതരുത് എങ്ങിനെയൊഴുതണം എന്നു പറയാൻ ആർക്കെന്തധികാരം! ഞങ്ങളാരുടേയും അടിമകളല്ല" എന്ന് ദൃഢസ്വരത്തിൽ ഉറക്കെ പ്രഖ്യാപിക്കുമ്പോഴും അതൊരാക്രോശമാവാതിരിക്കാൻ അദ്ദേഹം മനസ്സിരുത്തും.

ഏതു പ്രവൃത്തിയും ഭംഗിയായി നിർവഹിക്കുക എന്നതാണദ്ദേഹത്തിന്റെ തത്ത്വം. പ്രവൃത്തിയിലും അദ്ദേഹത്തിന് താനിടപെടുന്ന ജനങ്ങളെപ്പോലെതന്നെ വലിപ്പച്ചെറുപ്പ ഭേദമില്ല. വൈകുന്നേരം തോർത്തുമുണ്ടുടുത്ത് നേന്ത്രവാഴയ്ക്ക് വെള്ളം തിരിക്കുമ്പോൾ താൻ മണ്ണിൽ കവിതയെഴുതുന്നു എന്ന ഭാവമാണദ്ദേഹത്തിന്. വായനശാലയിലെ മാറാലതട്ടലും കവിതാശകലങ്ങൾ ഈണത്തിൽ ചൊല്ലി വ്യാഖ്യാനിക്കലും സ്വത്തുകൈമാററത്തിന്റെ ആധാരം തയാറാക്കലും സാഹിത്യത്തിലെ അന്തർദ്ധാരകളെക്കുറിച്ച് പ്രസംഗിക്കലും എല്ലാം അദ്ദേഹത്തിന്നൊരുപോലെയാണ്. ഒരേ കർമത്തിന്റെ ഭിന്ന ഭാവങ്ങൾ. 1953–55 കാലത്ത് കൃഷ്ണപ്പണിക്കർ വായനശാലയുടെ ആഭിമുഖ്യത്തിൽ മാസത്തിലൊരു നാടകം അരങ്ങേറുന്ന ഒരു പദ്ധതിയുണ്ടായിരുന്നു. ഈ നാടകസംഘത്തിലെ സ്ഥിരം പ്രോംപ്റററും സംവിധായകനും ഇടശ്ശേരിയായിരുന്നു. ഉയരത്തിൽ കയറുന്ന പണിയൊഴിച്ച് മറെറല്ലാ പ്രവർത്തികളിലും അദ്ദേഹം ഞങ്ങളോടൊത്തുണ്ടാകും. കർട്ടൻ കെട്ടാൻ മുളയെടുത്തു കൊടുക്കുക, സ്റേറജടിച്ചുവാരുക, ബഞ്ച് പിടിച്ചിടുക എന്നിങ്ങനെ എല്ലാ കാര്യത്തിലും അദ്ദേഹം മുന്നിലുണ്ട്. ഒരിക്കൽ ഒരു നാടകം അവതരിപ്പിച്ചുകൊണ്ടിരിക്കേ ഒരു കഥാപാത്രത്തിന്റെ വേഷവിധാനം ശരിയായില്ലെന്ന് ഞങ്ങളിൽ ചിലർ അഭിപ്രായപ്പെട്ടു. കൂട്ടത്തിൽ ആരോ ഇടശ്ശേരിയുടെ മുണ്ടും ജുബയുമായാൽ ശരിക്കുള്ള വേഷപ്പകിട്ടുകിട്ടുമെന്നും പറഞ്ഞു. താമസമുണ്ടായില്ല, തന്റെ മുണ്ടും ജുബയും അഴിച്ചുകൊടുത്ത് ആരുടെയോ തലയിൽ കെട്ടിയിരുന്ന ഒരു തോർത്തെടുത്ത് നാടകം കഴിയുന്നതുവരെ അദ്ദേഹം പ്രോംപ്ററ് ചെയ്യുന്ന തന്റെ ജോലി നിർവഹിച്ചു. മാത്രമല്ല, അദ്ദേഹത്തെ അടിയന്തരമായി കാണാൻവന്ന ഒരു പ്രസിദ്ധ സാഹിത്യകാരനെ പ്രോംപ്ററ് ചെയ്യുന്ന ജോലി മറെറാരാളെ ഏല്പിച്ച് അതേവേഷത്തിൽ പോയി കാണുകയും ചെയ്തു.

ഏററവും ലളിതമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. മററുള്ളവരുടെ ജീവിതസൗകര്യങ്ങളിൽ സദാ ദത്തശ്രദ്ധനായിരുന്നു അദ്ദേഹമെങ്കിലും. തനിക്കാകട്ടെ തുച്ഛമായ ജീവിതസൗകര്യങ്ങളെ ആവശ്യമുണ്ടായിരുന്നുള്ളു. സമ്മേളനങ്ങൾ കഴിഞ്ഞാൽ ആളൊഴിഞ്ഞ അതേ മുററത്തുതന്നെ ഷാളുവിരിച്ച് അദ്ദേഹം സുഖമായി കിടന്നുറങ്ങും. അതിനുമുൻപായി തന്റെ കൂടെവന്നവർക്കു വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കാൻ അദ്ദേഹം കഴിയുന്നതും ശ്രമിക്കുകയും ചെയ്യും. 1957 ആഗസ്റ്റ് പതിനഞ്ചിന് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് തിരുവനന്തപുരം ആകാശവാണി ഒരു കവിസമ്മേളനം ഏർപ്പെടുത്തിയിരുന്നു. അതിൽ പങ്കെടുക്കാൻ ഇടശ്ശേരിക്കും ക്ഷണമുണ്ടായിരുന്നു. അദ്ദേഹത്തോടൊപ്പം ശ്രീ. രാമൻ മാസ്റ്ററും ശ്രീ. കെ.വി. ജോണും ഞാനും തിരുവനന്തപുരവും കന്യാകുമാരിയും മററും സന്ദർശിക്കാമല്ലോ എന്ന മോഹവുമായി പുറപ്പെട്ടു. തിരുവനന്തപുരത്ത് ഞങ്ങൾക്ക് താമസിക്കാൻ കിട്ടിയത് ഒരു ചെറിയ ഹോട്ടലിലെ തളമാണ്. ഒരു കട്ടിലും നാല് പായും ഹോട്ടലുടമസ്ഥൻ ഞങ്ങൾക്ക് തന്നു. രാത്രി കട്ടിലിൽ കിടക്കാൻ എന്നെ ഇടശ്ശേരി നിർബ്ബന്ധിച്ചു. താഴെ നിലത്ത് കുറേശ്ശേ വെള്ളം കിനിയുന്നുണ്ടായിരുന്നു. നിലത്തുകിടന്നാൽ അസുഖം പിടിപെടുമെന്നാണ് അദ്ദേഹം പറഞ്ഞത്. അപ്പോൾ ഇടശ്ശേരിക്കോ! എന്ന് ഞാൻ ചോദിച്ചപ്പോൾ സഹജമായ പുഞ്ചിയോടെ എനിക്കിതൊക്കെ ശീലമാണ് എന്നദ്ദേഹം മറുപടി പറഞ്ഞു. മാത്രമല്ല, താഴെ പായിൽ കിടക്കേണ്ട മററ് രണ്ടു കൂട്ടുകാർക്ക് തന്റെ തടിച്ച ഖദർവസ്ത്രവും അദ്ദേഹം കൊടുത്തു.

ആർക്കും ഏതവസരത്തിലും സഹായത്തിനുവേണ്ടി അദ്ദേഹത്തെ സമീപിക്കാം. നിരാശനാ

യി ഒരാൾക്കും ഒരിക്കലും തിരിച്ചുപോകേണ്ടി വരാറില്ല. ഞങ്ങൾ ഒരിക്കൽ വഴിയിൽ സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ ഒരു പരിചയക്കാരൻ അദ്ദേഹത്തെ സമീപിച്ച് വളരെ സങ്കോചത്തോടെ 'അരി മേടിച്ചിട്ടില്ല. വല്ലതും സഹായിക്കണം' എന്നാവശ്യപ്പെട്ടു. ഉടനെ അദ്ദേഹം പോക്കററിൽനിന്നും അഞ്ചുരൂപയെടുത്ത് അയാൾക്ക് കൊടുത്തു. ഒരടിയന്തരാവശ്യത്തിനു വേണ്ടി മറെറാരാളോടു കടംവാങ്ങിയതായിരുന്നു ആ സംഖ്യ. 'വിശപ്പിന്റെ കാഠിന്യം ശരിക്കനുഭവിച്ചറിഞ്ഞവനാണ് ഞാൻ.' അദ്ദേഹം എന്നോടു പറഞ്ഞു. പലരുടേയും ആവശ്യങ്ങൾ അറിഞ്ഞു നിർവഹിക്കാനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. താനുമായി ബന്ധപ്പെട്ടവരുടെ കുടുംബക്ഷേമ കാര്യങ്ങൾക്ക് തന്നാലാവുന്ന സഹായം ആവശ്യപ്പെടാതെ തന്നെ അദ്ദേഹം നൽകും. അത് തന്റെ കടമയാണെന്ന ഭാവത്തോടെ. എവിടെനിന്നായാലും പ്രസംഗത്തിന് ക്ഷണിക്കാൻ വന്നവരെ നിവൃത്തിയുള്ളതും അദ്ദേഹം നിരാശപ്പെടുത്താറില്ല. പലപ്പോഴും കൈയിൽനിന്ന് പണം ചെലവാക്കിക്കൊണ്ടു തന്നെ അദ്ദേഹം കൃത്യസമയത്ത് അവിടെയെല്ലാം എത്തുകയും ചെയ്യും. ഒരിക്കൽ വടക്കേ മലബാറിലെ ഒരു ഗ്രാമപ്രദേശത്ത് ഒരു കലാസമിതിയുടെ വാർഷികാഘോഷത്തിന് അദ്ദേഹം ചെല്ലാമെന്നേററു. യോഗഭാരവാഹികൾ അച്ചടിച്ച നോട്ടീസ് അദ്ദേഹത്തിനയച്ചുകൊടുത്തു പക്ഷേ, യോഗസ്ഥലത്തെത്താൻ എന്ത് ഏർപ്പാടാണ് ചെയ്തിട്ടുള്ളതെന്ന് അവർ അറിയിച്ചില്ല. ഇടശ്ശേരി നിശ്ചിത ദിവസം തന്നെ ആ ഗ്രാമത്തിനേററവുമടുത്തുള്ള തീവണ്ടിയാഫീസിൽ വണ്ടിയിറങ്ങി. അവിടെ ആരെങ്കിലും കാത്തു നിൽക്കുന്നുണ്ടാവുമെന്നാണ് അദ്ദേഹം പ്രതീക്ഷിച്ചത്. പക്ഷേ, അദ്ദേഹം ആരേയും അവിടെ കണ്ടില്ല. എങ്കിലും അന്വേഷിച്ചുപിടിച്ച് അവിടെനിന്നും മൂന്നു നാഴിക അകലെയുള്ള യോഗസ്ഥലത്ത് അദ്ദേഹം കൃത്യസമയത്തെത്തി. പശ്ചാത്താപ വിവശരായ യോഗസംഘാടകരെ ആശ്വസിപ്പിക്കുകയും ചെയ്തു.

തളരാത്ത മനീഷയുടെ ഉടമയാണ് ഇടശ്ശേരി. അദ്ദേഹത്തിന്റെ പ്രായോഗികബുദ്ധി ഏതെല്ലാം ഊരാക്കുടുക്കുകളിൽനിന്ന് എത്രപേരെയാണെന്നോ രക്ഷപ്പെടുത്തിയിട്ടുള്ളത്. ഔദ്യോഗിക കാര്യങ്ങളിലായാലും വ്യക്തിപരമായ കാര്യങ്ങളിലായാലും എന്തെങ്കിലും വിഷമങ്ങൾ നേരിടുമ്പോഴൊക്കെ അസ്വസ്ഥരായ ഞങ്ങൾ അദ്ദേഹത്തിനടുത്ത് ഓടിച്ചെല്ലും. പ്രശ്നപരിഹാരവുമായി തികഞ്ഞ സമാധാനത്തോടെ മടങ്ങുകയും ചെയ്യും. തന്റെ സ്വന്തം കാര്യത്തിൽപ്പോലും ഒരൊററ പ്രശ്നവും അദ്ദേഹത്തെ പരിഭ്രാന്തനാക്കാറില്ല. ഒരിക്കൽ ഒരു യോഗത്തിൽ സംബന്ധിച്ചു മടങ്ങവേ തലശ്ശേരി നിന്ന് കോഴിക്കോടുവരെയുള്ള ബസ്സിൽ കയറി ചാർജ് കൊടുക്കാൻ നോക്കുമ്പോൾ പേഴ്സ് കാണാനില്ല. കൂടെയുണ്ടായിരുന്ന കേരള സാഹിത്യ സമിതി സെക്രട്ടറി ശ്രീ. കെ.വി. രാമകൃഷ്ണൻ അപ്പോഴേയ്ക്കും രണ്ടുപേരുടെയും ചാർജ് കൊടുത്തുകഴിഞ്ഞിരുന്നു. യാതൊരു ഭാവഭേദവുമില്ലാതെ ഇടശ്ശേരി പറഞ്ഞു കോഴിക്കോട്ടുവരെ മാത്രം പോരാ, കേട്ടോ അവിടുന്ന് പൊന്നാനിവരേയും ടിക്കറെറടുക്കണം. കാശുണ്ടല്ലോ കൈയിൽ എന്ന് – പേഴ്സ് പിന്നീടു തിരിച്ചുകിട്ടിയെങ്കിലും അതു നഷ്ടപ്പെട്ട സമയത്ത് അദ്ദേഹത്തിന് യാതൊരു പരിഭ്രമവും ഉണ്ടായിരുന്നില്ല. നർമബോധം അദ്ദേഹത്തിന്റെ കൂടെപ്പിറപ്പാണ്. ഏതവസരത്തിലും അതദ്ദേഹം കൈവിടില്ല. ഫലിതമയമായ ആ സംഭാഷണം ആരേയും അദ്ദേഹത്തോടടുപ്പിക്കും. എന്റെ സ്നേഹിതൻ പി.എം. പള്ളിപ്പാട് അടുത്ത അവസരത്തിൽ പറഞ്ഞ ഒരു സംഭവം ഇവിടെ ഉദ്ധരിക്കട്ടെ. ശ്രീ. ചെറുകാടിന്റെ ഷഷ്ടിപൂർത്തിയാഘോഷങ്ങൾ കഴിഞ്ഞ് അദ്ദേഹവും ഇടശ്ശേരിയുമായി മടങ്ങുകയായിരുന്നു.രാത്രിയായി, ബസ്സ് ഇടയ്ക്കിടക്ക് നിൽക്കുന്നു യാത്രക്കാർ ഇറങ്ങിപ്പോകുന്നു. ഇടശ്ശേരി പറഞ്ഞു: 'ഈ വെളിച്ചമുള്ള ബസ്സിൽ നിന്ന് സുഖമായ ഇരിപ്പിടവുമുപേക്ഷിച്ച് യാത്രക്കാർ ഇറങ്ങിപ്പോകുന്നത് കണ്ടില്ലെ? ഇരുട്ടിലേയ്ക്ക്, കുണ്ടനിടവഴിയിലേയ്ക്ക്. എന്തൊരദ്ഭുതം അല്ലെ? ഇടശ്ശേരിയ്ക്കും ഒരിക്കൽ ഇറങ്ങിപ്പോകേണ്ടെ. ഇരുട്ടിലേയ്ക്കാണെങ്കിലും?' ശ്രീ പള്ളിപ്പാട് പ്രതിവചിച്ചു. 'എനിക്കോ? എനിക്ക് സഹായത്തിന് ഇതുണ്ട്' എന്നു പറഞ്ഞ് അദ്ദേഹം സഞ്ചിയിൽ നിന്ന് ഒരു മെഴുകുതിരി എടുത്തു കാണിച്ചു. പല കാര്യങ്ങൾക്കായി അനവധി പ്രാവശ്യം പണപ്പിരിവിന് അദ്ദേഹത്തോടൊപ്പം പോകേണ്ടി വന്നിട്ടുണ്ട്. ഏററവും അസുഖകരമായ ജോലിയാണ് പണപ്പിരിവെങ്കിലും ഇടശ്ശേരിയോടൊപ്പം പോകുമ്പോൾ മുഷിപ്പനുഭവപ്പെടാറില്ല. ഫലിതമയമായ സംഭാഷണവുമായി ആ പോക്ക് രസകരമായിരിക്കുകയും ചെയ്യും. ഒരേ ആളുകളെത്തന്നെ പലപ്രാവശ്യവും സംഭാവനയ്ക്കു സമീപിക്കുമ്പോൾ ജാള്യത തോന്നുന്ന ഞങ്ങളെ അദ്ദേഹം ആശ്വാസപ്പെടുത്തും. നമ്മുടെ സ്വന്തം കാര്യത്തിനല്ലല്ലോ. ഇഷ്ടമുണ്ടെങ്കിൽ തരട്ടേ, ചോദിക്കേണ്ടത് നമ്മുടെ കടമ. ഒരിക്കൽ ഒരു മാന്യവ്യക്തിയുടെ പടിക്കൽ എത്തിയപ്പോൾ അതുവരെ പിരിഞ്ഞുകിട്ടിയപണം എന്റെ കൈയിൽ തന്നുകൊണ്ട് അദ്ദേഹം പറഞ്ഞു ഇത് കൈയിൽ വച്ചോളൂ അദ്ദേഹത്തിന്റെ വിഷമങ്ങൾ കേട്ടാൽ ഞാനിതിൽനിന്ന് വല്ലതും അങ്ങോട്ടു കൊടുത്തുപോകും. കാര്യം അതുപോലെതന്നെ സംഭവിച്ചു. അദ്ദേഹത്തിന്റെ വിഷമങ്ങളായിരുന്നു ഞങ്ങൾക്ക് ലഭിച്ച സംഭാവന. ഇതറിഞ്ഞുകൊണ്ടെന്തിനിവിടെക്കയറി? എന്ന് പിന്നീട് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് നാം അയൽവീടുകളിൽ കയറി ഇറങ്ങുന്നത് അദ്ദേഹം അറിയും.

അവിടെ കയറാതെപോയാൽ നമ്മളദ്ദേഹത്തെ നിസ്സാരനാക്കിയെന്ന് അദ്ദേഹത്തിന് തോന്നിയാലോ എന്നാണ്.

ഇടശ്ശേരി ഇപ്പോൾ നാടകങ്ങളൊന്നും എഴുതാത്തത് എന്താണ്? ഒരിക്കൽ ഒരു സുഹൃത്ത് അദ്ദേഹത്തോട് അന്വേഷിച്ചു. അതിനു രണ്ടു കാരണങ്ങളുണ്ട്. ഏററവും പ്രധാനപ്പെട്ടത് ഞാൻ ചെരിപ്പിടാൻ തുടങ്ങിയതാണ്. (ഇടശ്ശേരി അടുത്തകാലത്താണ് ചെരിപ്പിടാൻ തുടങ്ങിയത്. അത് മറെറാരു കഥയാണ്) അന്തംവിട്ടുനിന്ന സുഹൃത്തിനു അദ്ദേഹം വിശദീകരിച്ചുകൊടുത്തു. ചെരിപ്പിടാൻ തുടങ്ങിയപ്പോൾ ഭൂമിയുമായുള്ള ബന്ധം വിട്ടു. പിന്നെ, മണ്ണുമായി ബന്ധമില്ലെങ്കിൽ എങ്ങനെ നാടകമെഴുതും? ഈ ഫലിതമയമായ സംഭാഷണങ്ങൾ കേൾക്കുമ്പോഴൊക്കെ എനിക്കു തോന്നിയിട്ടുണ്ട്. ഇതെല്ലാം പകർത്തിവയ്ക്കാൻ ഒരു ബോസ്വെല്ലില്ലാതെ പോയല്ലോ എന്ന്.

പൂർണവിശ്വാസത്തോടെ അദ്ദേഹത്തെ എന്തും ഏല്പിക്കാം. പൊന്നാനിയിലെ ബഹുഭൂരിഭാഗം ജനങ്ങളും ജാതിമതരാഷ്ട്രീയ കക്ഷിഭേദമെന്യേ തങ്ങളുടെ പ്രധാനപ്പെട്ട പല കാര്യങ്ങളും അദ്ദേഹത്തെ ഏല്പിച്ച് മററു പ്രവർത്തികളിൽ ഏർപ്പെടുന്നവരാണ്. താനേററ ഒരൊററ ജോലിയും കൃത്യസമയത്ത് അദ്ദേഹം നിർവഹിക്കാതിരുന്നിട്ടില്ല. എങ്ങനെ ഇവയെല്ലാം ഓർമിക്കുന്നു എന്ന് ഞാൻ പലപ്പോഴും അദ്ഭുതപ്പെട്ടിട്ടുണ്ട്.

തികച്ചും വിനയാന്വിതനാണെങ്കിലും ആരുടെ മുന്നിലും അദ്ദേഹം തല കുനിക്കില്ല. ആരുടെയും സേവയ്ക്കു പോവുകയുമില്ല. ഈ സ്വഭാവമായിരിക്കാം ഒരുപക്ഷേ, അക്കാദമികൾക്ക് അവാർഡുമായി അദ്ദേഹത്തിന്റെ പുറകേ ചെല്ലാനിടയാക്കിയത്. ഇടശ്ശേരി ഒരു ടാക്സ് ഓഫീസറുമായി ഏററുമുട്ടിയ ഒരു കഥയുണ്ട്. തന്റെ ഒരു കക്ഷിക്കു നികുതി ഇളവുചെയ്തുകിട്ടാനായി വേണ്ട രേഖകൾ ഹാജരാക്കുകയായിരുന്നു അദ്ദേഹം. വളരെ പ്രധാനപ്പെട്ടതല്ലാത്ത ഒരു രേഖ എന്തുകൊണ്ട് ഹാജരാക്കിയില്ല എന്ന് ഓഫീസർ തട്ടിക്കയറി. ഇതിനുമുൻപുണ്ടായിരുന്ന ആഫീസർമാരാരും ആ രേഖ ആവശ്യപ്പെടാറില്ല എന്ന് ഇടശ്ശേരിയും പറഞ്ഞു. ഒന്നോ രണ്ടോ സ്ത്രീകൾ വ്യഭിചരിക്കുമെന്നുവെച്ച് നാടൊട്ടുക്കും വ്യഭിചരിക്കുമെന്നു കരുതാമോ? എന്ന് ആഫീസർ എടുത്തുചാടി. അങ്ങനെ കരുതിയാൽ അതിൽ വലിയ തെററില്ല. ഇടശ്ശേരി പറഞ്ഞു. അപ്പോൾ ആഫീസർ ചുററുമിരുന്ന തന്റെ സിൽബന്ധികളെ നോക്കി ഉച്ചത്തിൽ പറഞ്ഞു. ആഹാ! എന്നാൽ ഇനി മുതൽ നമുക്കെല്ലാം ഇയാളുടെ നാട്ടിൽപോകാം. ഉടനെ ഇടശ്ശേരി തിരിച്ചടിച്ചു. “ഒരു വിരോധവുമില്ല. കുറച്ചുകൂടി മാന്യതയുള്ളവർ വരണമെന്നേ ഞങ്ങൾക്കുള്ളൂ.” ആഫീസർ പത്തി താഴ്ത്തി. ചിന്താർഹമായ മറെറാരു വശം ഈ സംഭവത്തിൽ താൻ ജയിച്ചു എന്ന ബോധം ഒരിക്കലും ഇടശ്ശേരിക്കുണ്ടായിരുന്നില്ല എന്നതാണ്. പിന്നീട് ഈ സംഭവത്തെപ്പററി ഇടശ്ശേരി പറഞ്ഞത് അദ്ദേഹം എന്നെക്കൊണ്ടത്രയും പറയിച്ചതാണ് എന്നാണ്.

മാതൃകാപരമായ ഒരു കുടുംബജീവിതമാണ് അദ്ദേഹം നയിച്ചിരുന്നത്. സ്നേഹസമ്പൂർണമായ ആ ദാമ്പത്യജീവിതവും പിതൃപുത്രബന്ധവും ആർക്കും അസൂയ ഉളവാക്കുന്നതായിരുന്നു. മാത്രമല്ല അദ്ദേഹത്തിന്റെ വീട്ടിൽ ചെല്ലുന്ന ഒരപരിചിതനിൽപ്പോലും താനും ആ വീട്ടിലെ ഒരംഗമാണെന്ന ബോധം താമസിയാതെ നാമ്പെടുക്കുകയായി.

മരിക്കുന്നതിനു രണ്ടാഴ്ച മുൻപ് തന്നെ ബാധിച്ച ഉദരരോഗംമൂലമുള്ള അസ്വാസ്ഥ്യങ്ങളിൽനിന്ന് തികച്ചും മുക്തനല്ലെങ്കിലും തന്റെ ജോലിയിൽ ശ്രദ്ധിക്കാൻ തുടങ്ങിയിരുന്നു ഇടശ്ശേരി. മരിക്കുന്നതിനു നാലുദിവസം മുൻപ് അദ്ദേഹം കോടതിയിൽനിന്നു മടങ്ങിവരുമ്പോൾ വഴിയിൽവച്ച് കണ്ടുമുട്ടിയ ഞങ്ങൾ പലതും സംസാരിച്ച കൂട്ടത്തിൽ കോഴിക്കോട്ടുപോയി ഒരു വിദഗ്ദ്ധപരിശോധന നടത്തുകയല്ലേ നല്ലത് എന്നു ഞാൻ ചോദിച്ചപ്പോൾ ‘വരട്ടെ, കുറച്ചുദിവസം കൂടി കഴിയട്ടെ’ എന്നാണദ്ദേഹം പറഞ്ഞത്. അന്ന് അദ്ദേഹത്തെ അതിനു നിർബന്ധിക്കാമായിരുന്നു എന്ന ഒരു കുററബോധം ഇപ്പോൾ എന്നെ അലട്ടുന്നു. മരണം തടുക്കുവാൻ സാദ്ധ്യമല്ലെന്ന് അറിയാമെങ്കിലും. ഒരുപക്ഷേ, മരണം അദ്ദേഹം മുൻകൂട്ടി കണ്ടിരുന്നുവോ? അടുത്തകാലത്ത് ഒന്നുരണ്ടവസരങ്ങളിൽ മരണം ഓർക്കാപ്പുറത്തുവന്നു തന്നെ പിടികൂടുന്നതാണ് താൻ കൂടുതൽ ഇഷ്ടപ്പെടുന്നതെന്നു അദ്ദേഹം പറയുകയുണ്ടായി. ഒരുപക്ഷേ, അങ്ങനെയായാലേ ജനങ്ങൾക്ക് പ്രിയംകരനായ കരുത്തനായ ആർക്കും തലകുനിക്കാത്ത ഈ മനുഷ്യനെ തട്ടിയെടുക്കാൻ കഴിയൂ എന്ന് മരണത്തിനും ബോദ്ധ്യപ്പെട്ടിരിക്കാം. അദ്ദേഹം അവസാനം കുത്തിക്കുറിച്ചതെന്നു കരുതപ്പെടുന്ന വരികളും തന്റെ അന്ത്യം മുൻകൂട്ടി കണ്ടിരുന്നുവെന്നു സൂചിപ്പിക്കുന്നില്ലേ?

ഏതായാലും പൊന്നാനിയിലുള്ള ഞങ്ങൾ ഇപ്പോൾ അക്ഷരാർഥത്തിൽതന്നെ അനാഥരാണ്.